# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4147** **25.06.2018 ലെ മറുപടി**

### തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കുളങ്ങളും തോടുകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ ഏതൊക്കെ കുളങ്ങളെയും തോടുകളെയുമാണ് നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നത്; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം അറിയിക്കുമോ? | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ കെ.ഐ.ഐ.ഡി.സി മുഖേന കണ്ണൂർതോട് നവീകരണ പദ്ധതിയാണ് നടപ്പാക്കുന്നത്. ടി പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പൂർണ്ണരൂപത്തിലുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിന് ആവശ്യമായ വിശദാംശങ്ങൾ ജലസേചന വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് എസ്.പി.വി ആയ KIIDC കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.<br><br>ഹരിതകേരളമിഷന്റെ ഭാഗമായി തയ്യാറാക്കിയ നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ തിരൂരങ്ങാടി മണ്ഡലത്തിലെ മറ്റ് തോടുകളുടെയും കുളങ്ങളുടെയും നവീകരണത്തിനായുള്ള പ്രൊപ്പോസലിന് പ്രസ്തുത പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയുടെ സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ